**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **09-08-2023 - ൽ മറുപടിയ്ക്ക്**

**കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഇ ചന്ദ്രശേഖരൻ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ, ഉഡുപ്പി - കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണം എന്നിവയുടെ പുരോഗതി വിശദമാക്കാമോ;</td><td>(എ)</td><td>കേന്ദ്ര ഊർജ്ജവകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രൊജക്ട് കമ്പനി ലിമിറ്റഡ് TBCB വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി ആണ് നിർദ്ദിഷ്ട 400 കെ.വി ഉഡുപ്പി-കരിന്തളം 400 കെ.വി ലൈനും, കരിന്തളം സബ്സ്റ്റേഷനും നിർമ്മിക്കുന്നത്.<br><br>UKTL കമ്പനിയിൽ നിന്ന് കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായ വിവരങ്ങൾ പ്രകാരം പ്രസ്തുത 400 കെ.വി ലൈനിന്റെ കേരളത്തിന്റെ ഭാഗത്തുള്ള ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.<br><br>
<table>
<tr><td>ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം (കേരളം)</td><td>48 km</td></tr>
<tr><td>ആകെ ട്രാൻസ്മിഷൻ ടവറുകളുടെ എണ്ണം</td><td>101 എണ്ണം</td></tr>
<tr><td>ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത്</td><td>91 എണ്ണം (ഇതിൽ 78 ടവറുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.)</td></tr>
<tr><td>നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവ</td><td>2 എണ്ണം</td></tr>
<tr><td>നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തത് (വനത്തിൽ ഉൾപ്പെട്ടു വരുന്നത്)</td><td>8 എണ്ണം</td></tr>
<tr><td>ലൈൻ നിർമ്മാണം പൂർത്തിയായത്</td><td>0.84 km (കരിന്തളം)</td></tr>
</table>
<br>കൂടാതെ UKTL കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായ വിവരങ്ങൾ പ്രകാരം പ്രസ്തുത 400 കെ.വി സബ്സ്റ്റേഷന്റെ കൺട്രോൾ റൂമും അനുബന്ധ ബിൽഡിങ്ങുകളുടെ പണിയും</td></tr>
</table>

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറുകൾ, അനുബന്ധ ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിർമ്മാണത്തിനായി സ്ഥലം ഉടമകൾക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ? | (ബി) | ടവർ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ